28/12 1 5344 30/12/17 D

## വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന 1-ാം അപ്പീൽ അപേക്ഷ

പ്രേഷിതൻ

നിഷിൽ. എം
'ശ്രീദീപം'
നിയർ ഒണ്ടേൻപറമ്പ് അംഗനവാടി
സിവിൽ സ്റ്റേഷൻ. പി.ഒ.
കണ്ണൂർ
പിൻ: 670002

സ്വീകർത്താവ്

അപ്പീൽ അധികാരി,
ജില്ലാ സാമൂഹ്യനീതി ഓഫീസർ,
കണ്ണൂർ

സാർ,

വിവരാവകാശ നിയമം 2005 – ലെ വ്യവസ്ഥകൾ പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിലേക്കായി ശിശുവികസന ഓഫീസർ, കണ്ണൂർ റൂറൽ പള്ളിക്കുന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ 8/11/2017 – ന് ഒരു അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ 6/12/2017 തീയ്യതി വെച്ച് ഒരു മറുപടി കത്ത് ലഭിച്ചു. ആയവയുടെ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു.

വിവരങ്ങൾക്കായുള്ള ഒന്നാം ചോദ്യം പുഴാതി സോണൽ അംഗൻവാടി സെന്റർ നമ്പർ: 152 – ൽ 2015 ജനുവരി, ഫെബ്രുവരി, മാർച്ച് 15-ാം തീയ്യതി വരെ ഹെൽപ്പർ തസ്തികയിൽ നിയമാനുസൃതം ജോലി ചെയ്തവരുടെ പേര് വിവരങ്ങൾക്കായിരുന്നു അപേക്ഷിച്ചിരുന്നത്. ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി സുഹറ. പി.എൻ എന്നാണ്. എന്നാൽ ഇത് ബോധ്യപൂർവ്വം തെറ്റായതാണ്. ഈ ഓഫീസിലെ ഹാജർ പട്ടികയിലെ വിവരപ്രകാരം ഷമീറ. എം ആണ് ജോലിക്കായി ഹാജരായിട്ടുള്ളത്. എന്നാൽ നിയമാനുസൃതമല്ലാതെ ജോലി ചെയ്ത സുഹറ. പി.എൻ. ന് തെറ്റായ രീതിയിൽ ശമ്പളം അനുവദിച്ചിട്ടുണ്ട്. ഇത് മറച്ചു വെയ്കുന്നതിന് വേണ്ടിയാണ് ഇൻഫർമേഷൻ ഓഫീസർ തെറ്റായ വിവരങ്ങൾ അനുവദിച്ചിരിക്കുന്നത്.

വിവരങ്ങൾക്കായുള്ള അഞ്ചാം ചോദ്യം 2013 മുതൽ 2017 വരെയുള്ള സാമ്പത്തിക വർഷത്തെ ഈ ഓഫീസിൽ നടത്തിയിട്ടുള്ള സാമ്പത്തിക ഇടപാടുകളുടെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കുവാനും ആവശ്യമായി വരുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അനുവദിക്കുവാനുമായിരുന്നു അപേക്ഷിച്ചിരുന്നത്. ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി 29/12/2017 – ന് 11 മണിക്ക് പകർപ്പുകൾ നിശ്ചിത രൂപ ചെലാൻ ഒടുക്കി കൃത്യമായ വിവരങ്ങളോടെ അപേക്ഷിച്ചാൽ നൽകുന്നതാണ് എന്നാണ് അറിയിച്ചത്. ഇക്കാര്യത്തിൽ ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് രേഖകൾ പരിശോധിക്കാൻ

(..........2)

3



അനുവദിച്ചില്ല. കൂടാതെ നിശ്ചിത രൂപ ചെലാൻ ഒടുക്കാൻ ആവശ്യപ്പെട്ടതും ശരിയായ നടപടിയല്ല. അനാവശ്യ രേഖകൾ ഒഴിവാകുന്നതിന് വേണ്ടിയായിരുന്നു രേഖകളുടെ നേരിട്ടുള്ള പരിശോധന. കൂടാതെ വീണ്ടും വിവരങ്ങൾക്കായി അപേക്ഷ സമർപ്പിക്കണമെന്നും ആവശ്യപ്പെടുന്നതും ശരിയായ നടപടിയല്ല. മേൽ കാര്യത്തിൽ രേഖകൾ പരിശോധിക്കുന്നതിനും ആവശ്യമായി വരുന്നവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അനുവദിക്കുന്നതിനും, ഒന്നാം ചോദ്യത്തിനുള്ള സത്യസന്ധമായ വിവരങ്ങൾ അനുവദിക്കുന്നതിനും എന്റെ അപേക്ഷ പരിഗണിച്ച് ഇൻഫർമേഷൻ ഓഫീസർക്ക് ഒരു ഉത്തരവ് നൽകണമെന്ന് വിവരങ്ങൾ അനുവദിക്കുമ്പോൾ 30 ദിവസകാലാവധി കഴിഞ്ഞതിനാൽ സൗജന്യമായി വിവരങ്ങൾ അനുവദിക്കണമെന്നും അപ്പീൽ അപേക്ഷ പരിഗണിക്കുമ്പോൾ അപേക്ഷകനെ നേരിട്ട് കേൾക്കണമെന്നും ബഹു: അപ്പീൽ അധികാരിയോട് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

നിഷിൽ. എം

കണ്ണൂർ,
28-12-2017

വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ


പ്രേഷിതൻ

നിഷിൽ. എം
ശ്രീദീപം
നിയർ ഒണ്ടേൻപറമ്പ് അംഗൻവാടി
സിവിൽ സ്റ്റേഷൻ. പി.ഒ
കണ്ണൂർ








സ്വീകർത്താവ്

ശിശുവികസന പദ്ധതി ഓഫീസർ.
കണ്ണൂർ റൂറൽ.
പള്ളിക്കുന്ന്

സാർ,

1) പുഴാതി സോണൽ അംഗൻവാടി സെന്റർ നമ്പർ 152 – ൽ 2015 ജനുവരി, ഫെബ്രുവരി, മാർച്ച് 15 -ാം തീയ്യതി വരെ ഹെൽപ്പർ തസ്തികയിൽ നിയമാനുസൃതം ജോലി ചെയ്തതാരാണ് ?

2) ഈ കാലയളവിൽ അവർക്ക് നൽകേണ്ട ഹോണറേറിയം അനുവദിച്ചിട്ടുണ്ടോ ?
ഉണ്ടെങ്കിൽ എത്ര രൂപ ? ഇല്ലെങ്കിൽ എന്തുകൊണ്ട് അനുവദിച്ചില്ല ?

3) 2016 ഏപ്രിൽ മാസം മുതൽ താല്കാലിക ഹെൽപ്പർമാർക്ക് ഹോണറേറിയം അനുവദിച്ചു വരുന്ന 4050 രൂപയ്ക്ക് പുറമേ മറ്റെന്തെങ്കിലും തുക അനുവദിക്കാനുണ്ടോ ? ഉണ്ടെങ്കിൽ എത്ര രൂപ ?

4) 2016 ഏപ്രിൽ മാസം മുതൽ ഇത് വരെയുള്ള കാലയളവിൽ ഇത് അനുവദിക്കാത്തതായി എത്ര താൽക്കാലിക ഹെൽപ്പർ/വർക്കർമാർ ഉണ്ട് ? ഇത് ആരാണ് അനുവദിക്കേണ്ടത് ? അനുവദിക്കാത്തതിന്റെ വ്യക്തമായ കാരണം അറിയിക്കുക ?

5) 2013-14, 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷത്തെ ഈ ഓഫീസിൽ നടത്തിയ സാമ്പത്തിക ഇടപാടുകളുടെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പുകൾ പരിശോധിക്കാൻ അനുവദിക്കുകയാണെങ്കിൽ ഏത് ദിവസം, സമയം അറിയിക്കുക ? പരിശോധിക്കുന്ന വേളയിൽ ആവശ്യപ്പെടുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അനുവദിക്കുക ?

വിശ്വസ്തതയോടെ,

നിഷിൽ. എം.

കണ്ണൂർ,

7

ഭരണഭാഷ - മാതൃഭാഷ

നം. ICDS/KNR(R)/A3- 1205 /17

ശിശു വികസന പദ്ധതി ഓഫീസറുടെ
കാര്യാലയം, കണ്ണൂർ(റൂറൽ),പള്ളിക്കുന്ന്.
ഫോൺ - 0497 2749122, തീയ്യതി. 05/12/2017.
ഇമെയിൽ- icds.kannurr@gmail.com

ശിശു വികസന പദ്ധതി ഓഫീസർ,
കണ്ണൂർ(റൂറൽ)

നിഷിൽ എം,
ശ്രീദീപം, നിയർ ഒണ്ടേൻപറമ്പ് അങ്കണവാടി,
സിവിൽ സ്റ്റേഷൻ,പി.ഒ, കണ്ണൂർ.

സർ,

വിഷയം - ഐ.സി.ഡി.എസ് കണ്ണൂർ(റൂറൽ) - വിവരാവകാശ നിയമം 2005 വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന - താങ്കളുടെ 08.11.17-ലെ അപേക്ഷ.

========

വിവരാവകാശ നിയമം - 2005 പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷക്കുള്ള മറുപടി താഴെ ചേർക്കുന്നു.

1. സുഹറ പി.എൻ
2. അനുവദിച്ചിട്ടുണ്ട്. 7407/- രൂപ.
3. താൽക്കാലിക ഹെൽപ്പർമാരെ ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഈ ഓഫീസിൽ നിന്ന് മറ്റ് തുകകൾ ഒന്നും അനുവദിക്കുന്നില്ല.
4. ചോദ്യം പ്രസക്തമല്ല.
5. 29/12/17ന് 11 മണിക്ക്. പകർപ്പുകൾ നിശ്ചിത രൂപ ചെലാൻ ഒടുക്കി, കൃത്യമായ വിവരങ്ങളോടെ അപേക്ഷിച്ചാൽ നൽകുന്നതാണ്.

മേൽ വിവരങ്ങളിൽ താങ്കൾക്ക് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അപ്പീൽ അതോറിറ്റിയെ താഴെപറയുന്ന മേൽ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

ജില്ലാസാമൂഹ്യ നീതി ഓഫീസർ
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കണ്ണൂർ.

വിശ്വസ്തതയോടെ,

(ഒപ്പ്)

ശിശു വികസന പദ്ധതി ഓഫീസർ,
കണ്ണൂർ(റൂറൽ).

ശിശു വികസന പദ്ധതി ഓഫീസർ
കണ്ണൂർ (റൂറൽ)

(മുദ്ര: ശിശു വികസന പദ്ധതി ഓഫീസറുടെ കാര്യാലയം, പള്ളിക്കുന്ന് പി.ഒ., കണ്ണൂർ ജില്ല, പിൻ 670 004, ഫോൺ 0497 - 2749122, കണ്ണൂർ (റൂറൽ))